കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നൽകിയ പ്രമോഷൻ ആനുകൂല്യങ്ങൾ

181 [3586] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഭരണ വിഭാഗത്തിൽ ആർക്കെങ്കിലും മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്കെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പ്രമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി എന്താണ് എന്നറിയിക്കാമോ;

(സി) മുൻകാല പ്രാബല്യത്തോടെ സർവീസ് ആനുകൂല്യം എത്രയാണ് നൽകിയത്; സർവീസ് ആനുകൂല്യം നൽകുന്നതിന് മുൻപ് സർക്കാരിന്റെ അനുമതി വേണമെന്ന് ഖാദി ബോർഡ് യോഗം തീരുമാനിച്ചിരുന്നുവോ; എങ്കിൽ എന്ന്; സർക്കാരിന്റെ തീരുമാനം എന്തായിരുന്നു;

(ഡി) ഖാദി ബോർഡുമായി ബന്ധപ്പെട്ട ഒ. പി. 18034 ഓഫ് 1999 യു എന്ന കേസ്സിന്റെ വിധി എന്താണെന്ന് വ്യക്തമാക്കുമോ; വിധിയുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതി

182 [3587] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) ഈ പദ്ധതിയുടെ ജില്ലാതല അവലോകന സമിതി യോഗം ഈ വർഷം നടത്തിയിട്ടുണ്ടോ;

(സി) ഈ വർഷം ഏതൊക്കെ ബ്ലോക്കുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടുത്ത വർഷം ഏതൊക്കെ ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൊഴിലുറപ്പ് പദ്ധതി ഇപ്പോൾ നിലവിലില്ല. ഈ പദ്ധതിയെ ഇപ്പോൾ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പദ്ധതിയുമായി ലയിപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി & ഡി) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന സംസ്ഥാനത്ത് എല്ലാ വികസന ബ്ലോക്കുകളിലും നടപ്പിലാക്കി വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(നക്ഷത്രചിഹ്നമിടാത്ത 3378, 3387, 3388, 3392, 3397, 3398, 3410, 3415, 3417, 3429, 3433, 3437, 3438, 3449, 3450, 3453, 3455, 3456, 3469, 3481, 3502, 3512, 3519, 3521, 3435, 3541, 3544, 3545, 3547, 3548, 3549, 3550, 3551, 3553, 3556, 3558 എന്നീ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly